# കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

**തിരുവനന്തപുരം – 695 033**

## വിജ്ഞാപനം

നമ്പർ : 62/2017/സംതിക. തീയതി: തിരുവനന്തപുരം, 2017 ജൂൺ 23

കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ 2017 ജൂൺ 23 (വെള്ളി) -ാം തീയതിയിലെ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയ, കമ്മീഷന്റെ അതേ തീയതിയിലെ 61/2017/സം.തി.ക നമ്പർ വിജ്ഞാപന പ്രകാരം, സംസ്ഥാനത്ത് വിവിധ ജില്ലകളിലെ, താഴെ പട്ടികയിൽ പറയുന്ന പഞ്ചായത്ത് നിയോജകമണ്ഡലങ്ങളിൽ നടത്തേണ്ട ഉപതിരഞ്ഞെടുപ്പ് സംബന്ധിച്ച് ;

(എ) 2017 ജൂൺ 30 (വെള്ളി) : നാമനിർദ്ദേശ പത്രിക സമർപ്പിക്കുന്നതിനുള്ള അവസാന തീയതിയായും ;

(ബി) 2017 ജൂലൈ 1 (ശനി) : നാമനിർദ്ദേശ പത്രികകളുടെ സൂക്ഷ്മ പരിശോധന നടത്തുന്നതിനുള്ള തീയതിയായും ;

(സി) 2017 ജൂലൈ 03 (തിങ്കൾ) : സ്ഥാനാർത്ഥിത്വം പിൻവലിക്കുന്നതിനുള്ള അവസാന തീയതിയായും ;

(ഡി) **2017 ജൂലൈ 18 (ചൊവ്വ)** : ആവശ്യമെങ്കിൽ വോട്ടെടുപ്പ് നടത്തുന്നതിനുള്ള തീയതിയായും ;

(ഇ) 2017 ജൂലൈ 22 (ശനി) : തിരഞ്ഞെടുപ്പ് പൂർത്തിയാക്കാനുള്ള അവസാന തീയതിയായും ;

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം (1994-ലെ 13-ാം നിയമം) 49-ാം വകുപ്പിലെ വ്യവസ്ഥകളനുസരിച്ച് കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ ഇതിനാൽ നിശ്ചയിക്കുന്നു.

## പട്ടിക

| ക്രമ നമ്പർ | ജില്ലയുടെ പേര് | തദ്ദേശസ്ഥാപനത്തിന്റെ നമ്പരും പേരും | നിയോജകമണ്ഡലത്തിന്റെ നമ്പരും പേരും | സംവരണ വിവരം |
|---|---|---|---|---|
| 1. | തിരുവനന്തപുരം | ജി. 20 മാറനല്ലൂർ ഗ്രാമപഞ്ചായത്ത് | 18 ഊരുട്ടമ്പലം | ജനറൽ |
| 2. | തിരുവനന്തപുരം | ജി. 14 അമ്പൂരി ഗ്രാമപഞ്ചായത്ത് | 04 അമ്പൂരി | പട്ടികവർഗ്ഗം |
| 3. | പത്തനംതിട്ട | ജി.05 കോട്ടാങ്ങൽ ഗ്രാമപഞ്ചായത്ത് | 07 കോട്ടാങ്ങൽ കിഴക്ക് | ജനറൽ |
| 4. | ആലപ്പുഴ | ബി.39 ഹരിപ്പാട് ബ്ലോക്ക് പഞ്ചായത്ത് | 11. തൃക്കുന്നപ്പുഴ | സ്ത്രീ |
| 5. | കോട്ടയം | ജി.06 ഉദയനാപുരം ഗ്രാമപഞ്ചായത്ത് | 09 വാഴമന | സ്ത്രീ |

| | | | | |
|---|---|---|---|---|
| 6. | കോട്ടയം | ജി.08 കല്ലറ ഗ്രാമപഞ്ചായത്ത് | 12 കല്ലറ പഴയപള്ളി | പട്ടികജാതി സ്ത്രീ |
| 7. | കോട്ടയം | ജി.46 പാമ്പാടി ഗ്രാമപഞ്ചായത്ത് | 19 നൊങ്ങൽ | ജനറൽ |
| 8. | തൃശ്ശൂർ | ജി.81 മാള ഗ്രാമപഞ്ചായത്ത് | 19 പതിയാരി | ജനറൽ |
| 9. | പാലക്കാട് | ജി.65 കൊടുവായൂർ ഗ്രാമപഞ്ചായത്ത് | 03 ചാന്തിരുത്തി | ജനറൽ |
| 10. | മലപ്പുറം | ജി.03 എടക്കര ഗ്രാമപഞ്ചായത്ത് | 03 പള്ളിപ്പടി വാർഡ് | പട്ടികജാതി |
| 11. | മലപ്പുറം | ജി 54 മൂർക്കനാട് ഗ്രാമപഞ്ചായത്ത് | 01 കൊളത്തൂർ പലകപ്പറമ്പ് | ജനറൽ |
| 12. | മലപ്പുറം | ജി. 90 തലക്കാട് ഗ്രാമപഞ്ചായത്ത് | 03 കാരയിൽ | സ്ത്രീ |
| 13. | വയനാട് | ജി.08 നൂൽപ്പുഴ ഗ്രാമപഞ്ചായത്ത് | 07 കല്ലുമുക്ക് | സ്ത്രീ |
| 14. | കണ്ണൂർ | ബി.142 തലശ്ശേരി ബ്ലോക്ക് പഞ്ചായത്ത് | 10 ധർമ്മടം | പട്ടികജാതി |
| 15. | കണ്ണൂർ | ജി.28 പയ്യാവൂർ ഗ്രാമപഞ്ചായത്ത് | 09 ചമതച്ചാൽ | പട്ടികവർഗ്ഗം |

ഒപ്പ്

വി.ഭാസ്കരൻ
കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ.

കേരള സംസ്ഥാന തിരഞ്ഞെടുപ്പ്
കമ്മീഷന്റെ കാര്യാലയം
തിരുവനന്തപുരം-33

# കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

തിരുവനന്തപുരം – 695 033

## വിജ്ഞാപനം

നമ്പർ : 63/2017/സംതിക.　　　　　　　　　തീയതി: തിരുവനന്തപുരം, 2017 ജൂൺ 23

കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ 2017 ജൂൺ 23 (വെള്ളി) -ാം തീയതിയിലെ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയ, കമ്മീഷന്റെ അതേ തീയതിയിലെ 62/2017/സം.തി.ക. നമ്പർ വിജ്ഞാപനമനുസരിച്ച് ഉപതിരഞ്ഞെടുപ്പ് നടത്തേണ്ട പഞ്ചായത്ത് നിയോജകമണ്ഡലങ്ങളിൽ വോട്ടെടുപ്പ് ആവശ്യമുള്ളപക്ഷം അത് നടത്തുന്നതിനുള്ള സമയം രാവിലെ 7 മണിമുതൽ വൈകുന്നേരം 5 മണി വരെയായി 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം (1994 ലെ 13-ാം നിയമം) 70-ാം വകുപ്പനുസരിച്ച്, സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ ഇതിനാൽ നിശ്ചയിക്കുന്നു.

ഒപ്പ്

വി.ഭാസ്കരൻ
കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ.

കേരള സംസ്ഥാന തിരഞ്ഞെടുപ്പ്
കമ്മീഷന്റെ കാര്യാലയം
തിരുവനന്തപുരം-33

# കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

തിരുവനന്തപുരം – 695 033

## വിജ്ഞാപനം

നമ്പർ : 65/2017/സംതിക. തീയതി: തിരുവനന്തപുരം, 2017 ജൂൺ 23

കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ 2017 ജൂൺ 23 (വെള്ളി) -ാം തീയതിയിലെ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയ കമ്മീഷന്റെ അതേ തീയതിയിലെ 64/2017/സം.തി.ക നമ്പർ വിജ്ഞാപന പ്രകാരം, താഴെ പട്ടികയിൽ പറയുന്ന മുനിസിപ്പാലിറ്റി വാർഡുകളിൽ നടത്തേണ്ട ഉപതിരഞ്ഞെടുപ്പ് സംബന്ധിച്ച്;

| | | | |
|---|---|---|---|
| (എ) | 2017 ജൂൺ 30 (വെള്ളി) | : | നാമനിർദ്ദേശ പത്രിക സമർപ്പിക്കുന്നതിനുള്ള അവസാന തീയതിയായും ; |
| (ബി) | 2017 ജൂലൈ 1 (ശനി) | : | നാമനിർദ്ദേശ പത്രികകളുടെ സൂക്ഷ്മ പരിശോധന നടത്തുന്നതിനുള്ള തീയതിയായും ; |
| (സി) | 2017 ജൂലൈ 03 (തിങ്കൾ) | : | സ്ഥാനാർത്ഥിത്വം പിൻവലിക്കുന്നതിനുള്ള അവസാന തീയതിയായും ; |
| (ഡി) | **2017 ജൂലൈ 18 (ചൊവ്വ)** | : | ആവശ്യമെങ്കിൽ വോട്ടെടുപ്പ് നടത്തുന്നതിനുള്ള തീയതിയായും ; |
| (ഇ) | 2017 ജൂലൈ 22 (ശനി) | : | തിരഞ്ഞെടുപ്പ് പൂർത്തിയാക്കാനുള്ള അവസാന തീയതിയായും ; |

1994-ലെ കേരള മുനിസിപ്പാലിറ്റി നിയമം (1994-ലെ 20-ാം നിയമം) 105-ാം വകുപ്പിലെ വ്യവസ്ഥകളനുസരിച്ച് കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ ഇതിനാൽ നിശ്ചയിക്കുന്നു.

## പട്ടിക

| നമ്പർ | ജില്ല | തദ്ദേശസ്ഥാപനത്തിന്റെ നമ്പരും പേരും | വാർഡിന്റെ നമ്പരും പേരും | സംവരണ വിവരം |
|---|---|---|---|---|
| 1. | മലപ്പുറം | എം.47 കോട്ടയ്ക്കൽ നഗരസഭ | 08 ചീനംപുത്തൂർ | സ്ത്രീ |
| 2. | കോഴിക്കോട് | എം.80 ഫറോക്ക് നഗരസഭ | 07 കോട്ടപ്പാടം | സ്ത്രീ |
| 3. | കാസർഗോഡ് | എം.59 കാസർഗോഡ് നഗരസഭ | 36 കടപ്പുറം സൗത്ത് | സ്ത്രീ |

ഒപ്പ്

കേരള സംസ്ഥാന തിരഞ്ഞെടുപ്പ്
കമ്മീഷന്റെ കാര്യാലയം
തിരുവനന്തപുരം-33

വി.ഭാസ്കരൻ
കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ.

കോർപ്പറേഷൻ ഓഫീസ് സമുച്ചയം, എൽ.എം.എസ്. ജംഗ്ഷൻ, തിരുവനന്തപുരം 695 033, ഫോൺ – 2325048, 2337884
Fax : 0471-2338288, email : electionker@gmail.com, Website : www.sec.kerala.gov.in

# കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

**തിരുവനന്തപുരം – 695 033**

## വിജ്ഞാപനം

നമ്പർ :66/2017/സംതിക.                                        തീയതി: തിരുവനന്തപുരം, 2017 ജൂൺ 23

കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ 2017 ജൂൺ 23 (വെള്ളി) -ാം തീയതിയിലെ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയ, കമ്മീഷന്റെ, അതേ തീയതിയിലെ 65/2017/സം.തി.ക. നമ്പർ വിജ്ഞാപനമനുസരിച്ച് ഉപതിരഞ്ഞെടുപ്പ് നടത്തേണ്ട മുനിസിപ്പാലിറ്റി വാർഡുകളിൽ വോട്ടെടുപ്പ് ആവശ്യമുള്ള പക്ഷം അത് നടത്തുന്നതിനുള്ള സമയം രാവിലെ 7 മണി മുതൽ വൈകുന്നേരം 5 മണി വരെയായി 1994-ലെ കേരള മുനിസിപ്പാലിറ്റി നിയമം (1994 ലെ 20-ാം നിയമം) 126-ാം വകുപ്പനുസരിച്ച്, സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ ഇതിനാൽ നിശ്ചയിക്കുന്നു.

ഒപ്പ്

വി.ഭാസ്കരൻ
കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ.

കേരള സംസ്ഥാന തിരഞ്ഞെടുപ്പ്
കമ്മീഷന്റെ കാര്യാലയം
തിരുവനന്തപുരം-33

കോർപ്പറേഷൻ ഓഫീസ് സമുച്ചയം, എൽ.എം.എസ്. ജംഗ്ഷൻ, തിരുവനന്തപുരം 695 033, ഫോൺ – 2325048, 2337884
Fax : 0471-2338288, email : electionker@gmail.com, Website : www.sec.kerala.gov.in